

By

Dr. N. C. NAIR.

SRI VILAS PRESS & BOOK DEPOT

CENTRAL STATION ROAD : : TRIVANDRUM

3594
3002

# കാമലേഖനം

S. G. Pillai

P. Divan

By.

Dr. N. C.

SERVANTS PRESS BOOK DEPOT TRIVANDRUM

ശ്രീവിലാസ് പ്രസ്സ്, തിരുവനന്തപുരം.

1121

15-993

Price As. 8.

3594
3002

# കാമലേഖനം

കുന്നിനൊത്ത കുചമർദ്ദനം പൊറാ-
ഞ്ഞന്നു വാർകുഴലൊട്ടുലഞ്ഞ രുദ്രനെ
ഉന്നതാചലനിതംബഗർജ്ജനാൽ
വെന്നുനിന്ന തിരുഗൗരി പാഹിമാം, 1

ക്ഷിപ്രസുപ്രണയശണ്ഠുകൊണ്ടുമെ-
യ്യുംപ്രമോദമൊടു പാതിവാങ്ങിയോൾ
സുപ്രസന്നമുഖി ഗൌരിയെന്നമെ-
ന്നിപ്രപഞ്ചവിഷമങ്ങൾ തീക്കണം: 2

പ്രേമമുദ്രകൾ കൊരുത്തു തീർത്തനിൻ
കർമ്മലേഖന മനോജ്ഞമാലകൾ
കാമിനീമണിയണിഞ്ഞണിഞ്ഞിതാ
രോമഹർഷപരിവേഷമാണ്ടു ഞാൻ. 3

ഒന്നിനൊന്നു മനവും ശരീരവും
തന്നെയങ്ങിനെ, തളർന്നു വീണുടൻ
സുന്ദരീ, ചരിയമാംഗമാന്നു കേ-
ഴുന്നു നിന്റെ തനുവൊന്നു പുൽകുവാൻ. 4

പണ്ടൊരിക്കലുമുദിച്ചിടാത്തതാ-
മിന്ദ്രലോകമെയുമൊരുങ്ങി വന്നിതാ
വെണ്ടമട്ടിലുടൽ വെട്ടി, വെട്ടി ഹാ,
തുണ്ടമാക്കിയിവനെസ്സുമംഗലേ. 5

നേരിയന്നു തവരാഗമുദ്രയാം
പാരിജാതകസുമങ്ങൾ കൊണ്ടിതാ
പൂരിതാളകലരുന്ന പുത്തനാം
മാരിവില്ലിൽ മതിങ്ങി, മുങ്ങിഞാൻ. 6

ഒന്നു കാണുവതിനൊന്നു മുത്തുവാ-
നൊന്നു പുൽകുവതിനൊന്നു ചേരുവാൻ
എന്നെനിക്കു കഴിവിന്നു വന്നിടും
സുന്ദരാംഗിമണിമൗലിമാലികേ 7

ഊററരാഗമിയലും താവാന്തികേ,
പററിയില്ലിതുവരെയ്ക്കുമെത്തുവാൻ
കററവാളിയിവനെന്നു കണ്ടുനീ
മുററുമേകിടുക ശിക്ഷവേണ്ടപോൽ. 8

തെററുഞാൻ ചിലതു ചെയ്തുവെങ്കിലി-
ന്നററതൃപ്തിതവ വന്നിടുംവരെ,
കററവാർ കുഴലി വേണ്ടതൊക്കെയും
മുററുമീർഷ്യയൊടു ചെയ്ക നീ ശുഭേ: 9

കണ്ടിടുന്നളവു നീ കരങ്ങളാൽ
ശുണ്ഠിയാർന്നിനി വരിഞ്ഞുകെട്ടണം
രണ്ടുചുണ്ടുമഥദന്തപംക്തിയും
കൊണ്ടു ദേഹമഖിലം മുറിക്കണം. 10

വിട്ടിടാ,തകമുറച്ചു കേതകീ-
മൊട്ടിനൊത്ത കുചയുഗ്മവൃത്തിയാൽ
ഇഷ്ടമായ വിധമൊക്കെയെൻറമെയ്
തുഷ്ടിയാമതുവരെത്തകർക്കണം. 11

അമ്പുതോററ നിശിതാക്ഷിമാർമണേ,
അമ്പിലച്ചുടുലനോട്ടമിട്ടുമാം
വെമ്പിടാതെ കുചകുംഭഡംഭിനാൽ
പമ്പരത്തിനു സമാനമാക്കുനീ. 12

നിൻനഖക്ഷതമിയററിയെൻറമെയ്
ഒന്നിനൊന്നഥ മറിച്ചുവയ്ക്കണം
സുന്ദരീ, യിരുളുറച്ചവേണിയാ-
കന്നകാട്ടിലവനെക്കിടത്തണം. 13

വള്ളിചുററുമൊത്തമട്ടിൽ നിൻകരം
പുള്ളിമാൻ മിഴിവരിഞ്ഞുകെട്ടണം
ഉള്ളിലുള്ളമലമൊക്കെ നീങ്ങുവാ-
നുള്ളനല്ലപരിവേല ചെയ്യണം. 14

വട്ടമൊത്ത കനകക്കുടങ്ങൾ തൻ
മട്ടിനൊത്തു വിലസുന്ന കൊങ്കകൾ—
മൊട്ടുചേർത്തു മമ വായടച്ചുവ-
ച്ചിട്ടുപീഡയിലമാശ്രു തീർക്കണം. 15

നേരമേയെന്നുടയ ജീവനോമനേ,
വീറൊട്ടും സമ്പാദി നീവിഴുങ്ങുകിൽ
ചാരുപത്മദളയുഗ്മമൊത്ത നിൻ
മാരപത്തന മെനിക്കൊരാശ്രയം. 16

കാലുകൊണ്ടു തല കെട്ടി മന്മഥാ-
ജപാലയാററുമമൃതംമഥിക്കവേ
ലീലകൊണ്ടുടൽ കൊരുത്ത പാർവ്വതീ-
കാലകാലരിലുമേറെ ധന്യർ നാം. 17

ഉത്തമേ, രശനമുത്തിനെത്രയും
ഹൃത്തചാതുരികളെത്തിടുംവിധം,
വിസ്തൃതംജഘന മർദ്ദനത്തിനാൽ
നിത്യദാസനിവനായിമാറണം. 18

എന്തുകൊണ്ടിതിനു ബന്ധമെന്നിതോ-
ത്തന്തരംഗമതിവെന്തിടുന്നു ഹാ,
ബന്ധുരാംഗി, തവ കാമലേമാ-
ഞുന്തചിന്തിയിതനന്ത ചിന്തകൾ 19

സോമബിംബമുഖിമാർമണേ, ഭവൽ
പ്രേമമഞ്ജൂഷ കവന്നകാരണം
കാമനെന്നകനിവററ നീതിപൻ
ആമമിട്ടു തടവിങ്കലിട്ടുമെ. 20

രണ്ടുനാഴിക ശരിക്കൊരിക്കലും
കണ്ടിടാത്തവരു നമ്മൾ, വേണ്ടപോൽ
രണ്ടുമിങ്ങനെ മനസ്സുചേന്ന കൊ-
ണ്ടുണ്ടു നിസ്തുലമഹാത്ഭുതം പ്രിയെ! 21

നിർവ്വികല്പമൊടു സുന്ദരാംഗി നീ
സർവ്വവുംസപദിയെന്നിൽ വയ്ക്കയാൽ,
പർവ്വതസ്തനിപരം കൊതിച്ചു ഞാൻ
ഗർവ്വിയന്നതിനെ മാറിലാക്കുവാൻ 22

ഇത്രമാത്രമേറും വേഴ്ചകാൺകയാൽ
ചിത്രമോഹിനി തപിച്ചിടുന്നു ഞാൻ
അത്രയിപ്രണയ കല്യചേർന്നിട്ടും
ചിത്രതീർത്ഥമെഴുമാഴിയാകുവാൻ. 23

നിരന്തര നവസുന്ദരാംഗികൾ
മാറ വന്നിവന്ന മാലവയ്യിലും
കൂറിയന്നതവ കൊങ്കയുഗ്മമെൻ
മാറിനുള്ള മണിഭൂഷണം പ്രിയേ. 24

എന്തുകൊണ്ടിവനെ നീ വരിക്കുവാൻ
ചിന്തപൂണ്ടതു തെളിച്ചു ചൊല്ലണം
മണിശാമിനി! തവാശയത്തിൽ ഞാൻ
കാന്തിയാർന്ന വിധവും വിശേഷമായ്. 25

അന്തിയാം പരമസുന്ദരാംഗിയാൾ
ചെന്തളിർപ്പുകൾ ചിന്തിയെത്തവെ,
സന്ധ്യപ്പൂലമിത ചന്തമാർന്നിൻ
ബിന്ധുരാംഗരുചി കണ്ടിതാദ്യമായ് 26

കാർമുകിൽ തിരകൾ തിങ്ങിനില്പതും,
പാർവ്വണേന്ദുവതിൽ നിന്നുദിപ്പതും
താരഭൃംഗതതി ചുററി നില്പതും
മാറിമാറി മടിയോടു കണ്ടു ഞാൻ. 27

കാതിനോളമണയുന്ന കണ്ണിനാൽ
കാമശസ്ത്രനിരതൂകിനിന്നതും;
കോമളം കവിൾപടത്തിലക്കമം
കേമമാൻ തലകഴാക്കി നിന്നതും; 28

ദന്തികൾക്കുമതിലജ്ജ ചേർത്തു നീ
ചന്തമാർന്ന നടനം വരുന്നതും,
സന്തതം മധുരവാണി ചൊന്നതും;
ചിന്തയിൽ സുമതി, കണ്ടിടുന്നു ഞാൻ. 29

മിന്നൽ പോലഥ പറന്നു വന്നു നീ
മുന്നിൽനിന്നനിലയും നിമിത്തവും
പിന്നെയും മതിയിലോർത്തിടുന്നു ഞാൻ
നിന്നു നിന്നുടയ കൂട്ടുകാരെയും. 30

മത്സരിച്ചു ചിലരോടു കൂടി നീ
യുത്സവം പരിചൊടന്നു കണ്ടതും
ഉത്സുകാൽ കളിവചസ്സുരച്ചതും;
മത്സഖി, പതറിയോർപ്പതുണ്ടു ഞാൻ. 31

ഭോഷഭാഷിതവിശേഷഭൂഷയാം
യോഷമാരിൽ മണിമൗലിമാലികേ,
ദോഷമറ്റനിമിഷങ്ങളൊക്കെയും
തോഷമോടനുദിനം സ്മരിപ്പു ഞാൻ. 32

[library stamp]

വർഷമൊന്നഥ കഴിഞ്ഞു നിൻവചോ
വർഷമെന്നലൊരുവൻ ചൊരിഞ്ഞതും
ഹർഷമോടിവനനുസ്മരിപ്പു ഹാ,
വർഷവാരിധര കേശപാശിനീ. 33

മിത്രനായതു കഴിഞ്ഞശേഷമി
ന്നെത്രയെത്രസുഖനിദ്രചെയ്തുപോൽ
അത്രയിന്ദുപതിനൊന്നുനാലസൽ
ചിത്രപൌർണ്ണമി കഴിഞ്ഞു ബാലനായ്. 34

അന്നചിത്തതളിരിതങ്കൽ വല്ലതും
സ്പന്ദനം ചലത്തു വന്നിരിക്കലാം
പിന്നെയങ്ങിനെ മറന്നുവെങ്കിലും
വന്നതിന്നിതുവിധം മഹാത്ഭുതം. 35

നിർമ്മലപ്രണയകമ്യയെത്തട-
ഞ്ഞുമ്മഹാമലകൾ വന്നു നിൽക്കിലും
നമ്മഭാഗ്യമതിനാഴിചേരുമ-
ക്കർമ്മമേതുവിധവും നടന്നിടും. 36

നിന്നിലുള്ള മധുവാസ്വദിക്കുവാൻ
സുന്ദരഭ്രമരമുണ്ടു വേണ്ടപോൽ
സ്വർണ്ണമെന്നഥ നിനച്ചെടുത്തുപോയ്
വഹ്നിയെക്കര തലത്തിലാക്കൊലാ 37

നിന്നെയെന്നു മൊരുപോൽ മനസ്സിഞ്ഞാൻ
നിർമ്മലപ്രണയമാർന്നു കാത്തിടാം
നിന്നഴല്ക്കുമൊരു താങ്ങലായിടാം
പിന്നെയെന്തുപാരിലിനിവേണ്ടതും? 38

വിത്തമില്ല ഗുണമില്ല പാർക്കിലോ
ചിത്തമില്ല, ചിതമില്ല വേണ്ടപോൽ
മത്തകാമിനികളോർത്തിടാത്തതാ-
മത്തരത്തിലൊരു മർത്ത്യനാണു ഞാൻ. 39

ഇത്തരത്തിലൊരു ചിത്തവിഭ്രമം
തത്തിയെന്നെയകലത്തിലാക്കിനീ
പത്തിയുള്ള ഫണിയെത്തലോടുവാ-
നെത്തിയങ്ങിനെ പിടിക്കൊലാപ്രിയേ. 40

എന്നെനീ പെരിയ രാഗസാരമാ-
കുന്നതേനൊഴുകിയാദരിക്കയാൽ
അന്നുമോർത്തിടുകിൽ നിന്റെ ദാസനായ്
തന്നെഞാൻ സുമുഖിമിന്നിനിന്നിടും. 41

ഓമനേ! തവമുഖാംബുജോത്ഭവ-
ത്തുമധുപ്രസരസാരമോർക്കവേ
രോമമയിർപ്പൂപ്പുതപ്പണിഞ്ഞുഞാൻ
കാമസർജ്ജപരവിലോലശീലനായ്. 42

കണ്ടുനാളമണയുന്നകുണ്ഡലം
രണ്ടുമസ്സുചിരഗണ്ഡമണ്ഡലം
കൊണ്ടുനാലുകോടികൊണ്ടമന്മഥ-
സ്യന്ദനം തവമുഖം മനോഹരി! 43

ചൊല്ലെഴുന്നതവ നല്ലചില്ലിയാം
വില്ലിലാനിശിത ദൃക്ശരാവലി
മെല്ലെയങ്ങിനെ തൊടുത്തയപ്പമാം
കൊല്ലുവാനതി കഠോരനാം സ്മരൻ 44

ഉന്നതാദ്രികളുലഞ്ഞുവീണിടും
വണ്ണമപ്പൃഥുനിതംബഡംബിയായ്
മന്ദമന്ദമടിവച്ചുടുത്തു നീ
വന്നതെങ്ങിനെ മറന്നിടുന്നു ഞാൻ! 45

വൃത്തമൊത്തപുത്തു ചെപ്പിനൊത്തനിൻ
നിസ്തുലസ്തനമമർത്തിടയോമനേ,
ഉൾത്തരിപ്പിനൊടു നീയുറങ്ങിടും
മെത്തയാകിലതു മത്ഭാഗ്യമാം! 46

നീലമേഘതതിയോലപോലലം
ചേലെഴുന്നനലമാർന്നനിൻകചം
മേലിലാർന്ന തലതാങ്ങി ചുംബന-
ത്താലിചാർത്തു മുപധാനമാകിൽ ഞാൻ. 47

എത്രയും പ്രണയമെത്തണിഞ്ഞു നീ
നിത്യവും വിവിധ മുത്തമിട്ടിടും
നൽ സ്തനത്തിലഥ ചേർത്തു ചാർത്തിടും
പുസ്തകം പരിചൊടാകമെത്തിയെങ്കിൽ ഞാൻ! 48

ഉൾപ്പുതുപ്പുളകവീർപ്പണിഞ്ഞിടും
നൽക്കുളിർക്കുചയുഗം പുണർന്നലം
ഉൾപ്രമോദമിയലുന്ന നിന്റെ നൽ
റൗക്കിയാകിലതു പുണ്യപൂരമാം. 49

മന്മഥാലയവിലാസലോലയാ-
കുന്ന നിന്നുടയ പൊന്നരഞ്ഞാണതിൽ
ചേർന്ന മുത്തുമണിയായിരുന്നു ഞാൻ
തീർന്നുവെങ്കിലതുതന്നെ ഭാഗ്യമാം. 50

സ്തൂപികോപമമുയർന്ന മന്മഥ-
ക്ഷ്മാപകന്റെ മണിമഞ്ജുമന്ദിരം
മേവിടും പുളിനമാർന്നു, നൽക്കുളിർ
തുവിയങ്ങളമരുവുന്നതേ! സുഖം. 51

രംഭവന്നടിപണിഞ്ഞിടുന്ന നിൻ
രംഭതോററ തുട കണ്ടു ലജ്ജയാൽ
കദളിതൻ കരമൊളിച്ചിടുന്നു; ഞാൻ
വെമ്പിടുന്നതിനിടയ്ക്കുറങ്ങുവാൻ 52

ലോലപേലവവിലാസഭാസുരം
കാലടിയ്ക്കടിയിലെങ്കിലും പ്രിയേ
കാലമേറ്റുമകലാതെ ചേർത്തുമാം
മാലകറ്റിടുക നീ മനോഹരീ! 53

ഏർപ്പെടും മദനവീർപ്പൊടും രസം
ചേർപ്പെടും സുതനുവേർപ്പൊടും പരം
ആർപ്പിടും ജഘനവീർപ്പൊടും രതി-
ക്കേർപ്പെടും കമനി തീർപ്പിടും ഗദം. 54

കെട്ടഴിഞ്ഞു ചിതറുന്ന കേശവും
പൊട്ടിവീഴുമൊരു മുല്ലമാലയും
കട്ടഞ്ഞതമിഴിയുംകലന്നു മാർ-
ത്തട്ടിൽനീ ശ്രമമകറ്റണം പ്രിയേ. 55

കത്തഴിഞ്ഞുമലർമെന്നയിങ്കലാ-
നൽത്തളിർത്തുകിലുലഞ്ഞുവീഴവേ,
അദ്രിയൊത്ത ജഘനോഗ്രമർദ്ദനാ-
വർത്തനത്തിനരൊഴുന്നൊരായിരം. 56

മന്മഥനുടെയെഴുത്തുകോലിലു-
ള്ളമന്മദപ്രണയഗീതികാമൃതം.
നന്മയിൽസുമുഖി! നീ പകർന്നസൽ,
കർമ്മധർമ്മതരധർമ്മമാള്ളണം. 57

അങ്കദേശമതിലാൎന്ന നിന്റെ നൽ
കൈകാങ്കയിൽ പുളകമങ്കുരിക്കവാൻ
ഏങ്കാരനെന്നവിഴങ്ങു ചൂചുക-
ത്തിങ്കലെത്തുവതിനെന്നു സാദ്ധ്യമോ? 57

നെററി, കണ്ണു ചൊടികാതുഗണ്ഡവും
മുട്ടകക്ഷമഥകുക്ഷിവക്ഷവും
മറവുമിക്കിളിവളൎത്തിമുത്തവേ,—
യുററനിന്റെ ചിരിയെന്നു കാൺമു ഞാൻ? 58

കേകി കോകിലശുകസ്വരങ്ങളും
കേളിമേളകളതാളമാധുരി
മേളിൽവേർപ്പുമണിപാളിയോടണി
ഞ്ഞാളിടുന്ന കളിയെന്നു കാണ്മു ഞാൻ? 59

രാഗരോഗവരരീതി കോപമായ്
ഭാഗധേയനിധി നീ ശഠിക്കവേ,
ആഹവത്തിനുടെ കാഹളം പ്രിയേ
സ്വാഗതം മമലഭിപ്പതെന്നിനി? 60

മെത്തമേലധിക യുദ്ധമാൎന്നു നീ
മത്തകാശിനി, തളൎന്നുവാങ്ങവേ
ചിത്തമോദമതി വിഭ്രമം കല-
ൎന്നുവേൎത്ത തനുപുൽകുമെന്നു ഞാൻ? 61

വേണിബന്ധമഥ കഞ്ചുകം ശ്ലഥം,
ഞെഞ്ഞലഞ്ഞങ്ങനെ വീണുപോകിലും
പ്രാണനിൽ കിമപി ദീനമാമന്നെഴും
വീണവായന കൊതിപ്പു ഞാൻ ശുഭേ. 62

നീരസം കരതി നീരസിച്ചധി-
കാരഭാരകമട്ടഭോഗമാമങ്ങൾ
സാരസാക്ഷിമണി! നേരിലെന്നപെ-
ല്ലാസതിപ്രസരമാശിപ്പു ഞാൻ? 63

മാനമേറുമൊരു മുഗ്ദ്ധസ്വപ്നാ-
ഹ്വാനപീനജലനത്താലെന്നിൽ നീ
ജീവിതച്ഛദമാനമള്ളുവാൻ
മീനലോചനമണി കൊതിപ്പു ഞാൻ. 64

ചിത്തമോദമൊടൊട്ടത്തിരുന്നു നാം
മുത്തമിട്ട കവിൾകൊത്തു പുൽകിയും
വർത്തമാനമതുലം പൊഴിച്ചു മാ-
രാത്രി തീർത്തിതകിലെത്ര ഭാഗ്യമാം!! 65

“ളിക്ക ടിക്ക കറകക്കറെ” സ്വനം
മെല്ലെയങ്കണത്തിലുല്ലസിക്കവേ,
ഞെക്കമൊടമഴതോരവേ സാക്ഷനീ
നീമഭിവന്നിവനെയൊന്നു പുൽകണം. 66

മാരജീവരുചി കൊണ്ടുഞാൻ പരം
ക്രൂരതരത്തിരകം നീന്തിയെത്തവേ,
രാഗപൂരപരിസാരമാം പ്രിയേ
സ്വാഗതം തരിക മാറിലിന്നു നീ. 67

വാക്കുമാശയുമുറച്ച രാഗവും
നേർക്കുവന്ന ചിതമായിയെങ്കിലോ
നീക്കിടുന്നതിനശക്യമല്ലയോ
പാർക്കിലിന്നു മുനികൾക്കുമേ മനേ? 68

മങ്കമാരിൽ മണിമൌലിമാലികേ,
ശങ്കതെല്ലുമിയലാതെ സോത്സുകം
തങ്കമേ ചൊടി കടിച്ചുറച്ചു നിൻ
കൊങ്കചേർത്തിവനെയൊന്നു പുൽകണം. 69

'തിത്ത തിത്ത'യഥമട്ടുള്ളസ്വരാ-
വർത്തവിസ്തൃതനിതംബമർദ്ദനാൽ
അത്രകേളിസനൃത്തവൃത്തിയാം
സത്രമേളമതു പൂർത്തിയാക്കണം. 70

കാൽച്ചിലങ്കയരഞ്ഞാണമാഞ്ഞുല-
ഞ്ഞാർപ്പിടുന്ന മദനോത്സവാരവം
യോർപ്പുണർത്ത മൃതലബ്ധതൃപ്തിയാ-
ലേർപ്പെടട്ടെ ശ്രമമിന്നു നമ്മളിൽ. 71

മദമദന വികാരം
    കൊണ്ടു വീർപ്പിട്ടിരിക്കും
മതിമുഖി മണിയാളും
    രാധതൻ കൊങ്കരണ്ടും
പരിചൊടു തിരുമാറിൽ
    ചേർത്തു ഞെക്കിത്തരിപ്പാൻ
കരി കരരതികാട്ടും
    കൈകൾ കാമം തരട്ടെ! 72

രതികണവ കണ്ണൊഴലം
    തീരുവോളം സമൃദ്ധം
രതിവിവിധ വിധാനം
    ചെയ്തതെല്ലാം ശ്വസിക്കെ
പുതിയൊരു കളികാട്ടാൻ
    രാധതൻ മാരഗേഹാ-
മൃതമത്തനാകരും ഗോ-
    പാലകൻ പാലയാസ്മാൻ 73

3594
3802

# രണ്ട്

മദമലന മനോജ്ഞമന്ദഹാസ
പ്രമദമതിമഞ്ജുള മഞ്ജരീവിലാസം,
ഉദയസുഷമപൂണ്ട മാധവ ശ്രീ
പദവദനം ഗദമാററിടട്ടെ പത്മം. 1

ഗുണഗണമണിയും പ്രിയേ! തവോജ്വൽ
പ്രണയസുധാമൃത ലേഖനം ലഭിക്കെ,
ക്ഷണമനുപമ മോദമിഞ്ഞതിങ്ങീ-
ട്ടണമുറിയുന്ന സരിത്തുപോലെ പൊഞ്ഞു. 2

പരിണത പരിരംഭണപ്രസൂനം
പരികലപ്പുഞ്ചിരി സഞ്ചലിച്ചപാരം
പരിചയമരുളീപരം തെളിക്ക-
ള്ളലിയ വികാരവിലസധാരപാരം. 3

പലവഴി പലമട്ടിലാസ്പദസൌഖ്യ-
പ്പൊലിമയൊടന്നു പുണർന്നുണർന്നുവേഗാൽ
ചലമിഴി, പല ചുംബനങ്ങളും ചെ-
യ്തലരസമോടു നിവർത്തുകർത്തുപാർത്തും. 4

സുരുചിരരുചിചേർന്ന ചോർന്ന രാഗാ-
കതിരമാലകൾ വെളിമേററമായി.
നിരുപമ പരിരംഭണോത്സവം പൂ-
ണ്ടരുണിമമെയ്യിനുമെയ്യുഴക്കൊഴുക്കി. 5

വെറുമൊരുമുകുളം കണക്കവന്നെ-
ന്നരികിലനാഗത വേഴ്ചയായിന്നില്ലേ,
അരുൾകലിതമാത്മനായികേ! നീ-
യൊരുദരകുഡ്മളമെന്നുറച്ചു പോയ് ഞാൻ. 6

മുകിലൊളിയണിവേണി, യിന്ദുക്കൂട്ടം
പകരപ്പെട്ടമാനനമച്ചൊടിപ്രവാളം
മികവുടയൊരളീവിലാസദൃക്കീ-
വകകലരാതയിന്നീശ്ശുഭാംഗിയായി. 7

പ്രഥമമഥ പുതുകന്ദമന്ദഹാസ-
പ്രഥവി തറിമെല്ലെരമല്ലവല്ലിപോലെ,
അഥ മമ നികടത്തിലോമനേ! നി
പ്രഥമമഥ നിഞന്നൊരുനിൽപുഞാൻനിനപ്പൂ 8

പുതുമധുമധുരം ചൊരിഞ്ഞിടുംനി-
ന്നതുലിതമോഹിതഭാഷിതം ശ്രവിക്കെ,
കുതുകമതികലർന്നു ചിത്തഭൃംഗം
പുതുമ പറന്നിതു[...]ങ്കലസൂനമാളിൽ. 9

പ്രണയമണിവിപഞ്ചിതൻവിലാസ-
ശ്രുണിതമിണങ്ങിയഗീതിതൻകൂടിപ്പാർ
കണിശതമുളവായ് പൊഴിപ്പവർക്കുൻ
ഗുണമതിമങ്ങിമയങ്ങി ബോധമായി. 10

അതുമുതലമലേ, ത്വദാഗമംമേ
പുതുവൊരു പാൽക്കണിയായിതെന്നുമെന്നും
എതുവിധമരചെയ്വതിന്നെവിട്ടാ-
ലതുനിമിഷംമുതലേറുമന്തതാപം. 11

അലമലമകതല്ലുമോമലേ നീ-
യലസതയാർന്നകലത്തകന്നിടുംപോൾ,
പലപലനിനവാർന്നലഞ്ഞകംമേ-
ചിലവിഷമങ്ങൾകലർന്നലഞ്ഞിടുന്നു 12

പ്രതിദിനമധികം നതാംഗിമാർവ-
ന്നതിമൃദമെന്നോടടുത്തകന്നിടുമ്പോൾ,
അതിമലാത്തതനവികല്പം വരാത്തോ-
രതിശയമവഷ്ളയുദിച്ചു നിന്നിലാര്യേ! 13

ധനവുമധരതിക്കതുല്യമാകും
തനവുമനല്പവിഭൂഷണങ്ങളും കേൾ,
മനതളിരൊരുമിക്കുമാത്മബന്ധ-
ത്തിനനിനവററകിനാക്കൾ തന്നെയല്ലോ? 14

തവസവിധമിതന്നു നിന്റെ ദയാമൽ
തനുതളിരൊന്നു തലോടിമോടിയോടേ
തളമുലതടവിപ്പുണർന്നു കൊണ്ട-
ത്തളമുടിചീകിരസിക്കവാൻ കഴിഞ്ഞാൽ? 15

മധുരിതമധരാമൃതം നുകർന്നും
മദനമദംരതിരീതിയാൽ തകർന്നും,
മടുമൊഴിപലതങ്ങടർന്നതിന്നും,
മനമൊട്ടുദേഹവുമേകമായിയെന്നാൽ. 16

കരമൊട്ടു, കമമങ്ങു, മാറു മാറോ-
ടുരയുമയോടഥ കാലുകാൽകളോടും
വിരമൊവാട്ടുപൊരുതങ്ങിണങ്ങിവാണാൽ
പരമതിലെന്തുസുഖങ്ങളന്തിയാമേ. 17

കുചഭരമതുലംവിതുർത്തുവീശി
കുചഭരനിർദ്ദയമർദ്ദനംപരത്തി,
വിചലിതജഘനതടത്താഡനമെൻറമാറിൽ
സുചലമൃഗേക്ഷണ നീ നടിക്കുമെങ്കിൽ, 18

മതി, മതിമുഖി; പിന്നെ നിന്നെ ഞാനാ-
രതിയുടെ രാജ്യവിലാസവിസ്മയങ്ങൾ
മതിമതി വരുമാറു മന്മഥൻ ത-
ന്നതിശയമോടു[illegible]റസ്സുകാട്ടിയേക്കാം. 19

ഒരുവിധവുമഹോ മറക്കുവാനി-
ന്നരുതു നിനയ്ക്കിലെനിക്കു നിന്നെ നാഥേ!
കരുതിടുമുടനെന്നുടല്ലുലാഭം
വരുമൊരു മാത്രയിലെത്രയും മനോജ്ഞേ! 20

പനിമതിയുടെ ശീതപാണിപോലും
ദിനപതിതൻ കരമായ്ച്ചമഞ്ഞിടുന്നു.
കനിവതി കലരും വിചാരമെല്ലാം-
മനുപദമുഷ്ണരൂക്ഷമായിടുന്നു. 21

അനുനിമിഷമെനിക്കു മുമ്പിലായ് നിൻ
തനുവതിപുഞ്ചിരി തൂകിനിന്നിടുന്നു.
അനുപമരസമാർന്നടുത്തുപുൽക-
ന്നനുപമമാത്മസുഖം പകർന്നിടുന്നു. 22

ഇരവിലധരശയിക്കമെൻറ കാറിൽ
വരമൊടു നഗ്നവിമോഹനാംഗിയായി
ത്വരയൊടു പുണരുന്ന തങ്കമേ! നീ
വരരസമാർന്ന കിനാവിലും മനോജ്ഞേ 23

നമകരം പലതുമങ്ങു നീങ്ങിയേക്കാം
സമയവുമങ്ങിനെ മാഞ്ഞുമാഞ്ഞു പോകാം
കമനിമണി,യെനിക്കു നിന്നിലേവം
മമതനശിക്കുകയില്ല തെല്ലുമെന്നാലും. 24

ചുണയൊടിതു പിടിച്ചുനിർത്തുവാൻ ഞാൻ
പണിപലതൊക്കെയുമങ്ങെടുത്തുനോക്കി
തുണസമമതു, നിന്നിലൊന്നിനൊന്നെൻ
പ്രണയമുറച്ചു തഴച്ചുയർന്നുപോയി. 25

ഒരുചെറുവിനയും നിനക്കുചേരാ-
തരിയസുഖങ്ങൾ പകർന്നുനൽകി നിത്യം
കരമൊടുകരംകോർത്തു വാഴവാനായ്
തരളമൃഗാക്ഷി, തരംതരട്ടെ ദൈവം. 26

പരിഭവമിതുകൊണ്ടു പാരമുണ്ടായ്
വരുമൊരുവേള പലർക്കുമെങ്കിലുംകേൾ,
പരിചൊടു മമ മാറിലങ്ങുറങ്ങ-
ന്നൊരു തരുണിക്കുവരില്ല താപമേതും 27

കൊള്ളാത്ത കോപവചനാവലികൊണ്ടു കൃത്ത-
മുള്ളാകെ നീ നിയതമെൻ പ്രിയജീവനാഥേ,
ഉള്ളാകെയങ്ങുമറിയുംവരെ യാഞ്ഞറിഞ്ഞു-
കൊള്ളാമതും സുഖമെനിക്കു നിനയ്ക്കിലാർദ്രേ. 28

സുരുചിരമനുരാഗം
കൊണ്ടു ചെഞ്ചായമാണ്ടു-
ള്ളാക്കചമനുഭോഗം
ഭോഗ[illegible] ഭോഗശായി
കരുണ[illegible]യാടതിമോദം
വി[illegible]മില്ലാത്ത രാഗ-
പ്പൊരുളിനു വരമേകി
ക്കാത്തുകൊള്ളട്ടെ നിത്യം. 29

ശൃംഗാര ഗുണമംഗല്യ
മംഗാര മണീലേഖനം
ശൃംഗാരി ഗണസംഗോത്ഥ
മംഗാരംഭമിദം ശുഭം.

3594
3002

# നല്ല പുസ്തകങ്ങൾ

രമണി (രമണന്റെ മറു... ...ച്ച ശ്രീ. ...സസ്സ് സുന്ദരം)

കുളക്കടവിൽ ... ,,

(മാസ്റ്റർ സുന്ദരം)

തേജഃപു...

(പാറ...)

പതിദേവത ,, 1-4

(പട്ടം ഗോപാലൻനായർ)

പാപത്തിന്റെ നിഴലുകൾ ,, 1

(മുട്ടത്തുറ S. വേലായുധൻ B. A.)

മുരളീഗാനം ,, 1-8

വേലക്കാരി ,, 1

അ...ക്ഷിക്കുക :—

ശ്രീവിലാസ് പ്രസ്സ് & ബുക്കഡിപ്പോ

തി...നന്തപുരം.

3594
3002




By

Dr. N. C. NAIR.

SRI VILAS PRESS & BOOK DEPOT

CENTRAL STATION ROAD : : TRIVANDRUM